## 1090

'Sowing in the morning'

1 വിതച്ചിടുക നാം സ്വർഗ്ഗത്തിന്റെ വിത്താം
ക്രിസ്തൻ സുവിശേഷം ഹൃദയങ്ങളിൽ
ആത്മമാരി പെയ്യും ദൈവം കൃപ ചെയ്യും
തരും കൊയ്ത്തിനേയും തക്കകാലത്തിൽ-

കൊയ്ത്തുകാലത്തിൽ നാം സന്തോഷിച്ചും
കറ്റകൾ ചുമന്നും കൊണ്ടുവന്നിടും

2 വിതച്ചിടുക നാം സ്നേഹത്തിൻ അദ്ധ്വാനം
ഒരു നാളും വ്യർത്ഥം അല്ല ആകയാൽ
എന്നും പ്രാർത്ഥിച്ചിടിൻ വേലയിൽ നിന്നിടിൻ
വിത്തു നനച്ചിടിൻ കണ്ണുനീരിനാൽ-

3 വിതച്ചിടുക നാം വർദ്ധനയെ ദൈവം
നൽകും സർവ്വനേരം തൻ വൻശക്തിയാൽ
വേനൽക്കാലം, വർഷം, കാറ്റു, ശീതം, ഉഷ്ണം
ചെയ്യും ദൈവ ഇഷ്ടം ഭൂമി നിൽക്കും നാൾ-

4 വിതച്ചിടുക നാം തടസ്സം അനേകം
സാത്താൻ കൊണ്ടെന്നാലും തൻ വൈരാഗ്യത്തിൽ
തളർന്നുപോകാതെ സ്നേഹവും വിടാതെ
നിൽക്ക ക്ഷീണിക്കാതെ ക്രിസ്തൻ ശക്തിയിൽ-

5 വിതച്ചിടുക നാം വിതയ്ക്കുന്ന കാലം
അവസാനിച്ചിടും എത്ര വേഗത്തിൽ
ഇപ്പോൾ വിതയ്ക്കാതെ ഇരുന്നാൽ കൊയ്യാതെ
രക്ഷകൻ മുമ്പാകെ നിൽക്കും ലജ്ജയിൽ-

6 വിതച്ചിടുക നാം ദിവ്യസമാധാനം
മുളച്ചിടുവോളം ശൂന്യദേശത്തിൽ
മരുഭൂമി കാടും ഉത്സവം കൊണ്ടാടും
പർവ്വതങ്ങൾ പാടും ദൈവതേജസ്സിൽ- **V.N.**